# ❖ സസ്യശാസ്ത്രം (Botony ) (അടിസ്ഥാനവിവരങ്ങൾ)

- ❖ ഔഷധസസ്യങ്ങളുടെ മാതാവ് എന്നറിയപ്പെടുന്നത് :- കൃഷ്ണതുളസി.( ഓസിമം സാങ്റ്റം :- ശാസ്ത്രീയ നാമം.)
- ❖ സംസ്കൃതത്തിൽ തുളസിയുടെ പേരാണ് :- ദേവദുന്ദുഭി.
- ❖ പരകൃതിയിലെ ഓഷധശാല എന്നറിയപ്പെടുന്നത് :- വേപ്പ് (അസഡിറക്ക ഇൻഡിക്ക :- ശാസ്ത്രിയ നാമം.)
- ❖ എല്ലാ രോഗങ്ങൾക്കുമുള്ള ഒറ്റമുലി എന്നും വേപ്പിന് വിളിപ്പേരുണ്ട്.
- ❖ വേപ്പിന്റെ മറ്റൊരു വിളിപ്പേരാണ് "ഗ്രാമത്തിന്റെ ഔഷധശാല' എന്നത്.
- ❖ കീടനാശിനിയായി ഉപയോഗിക്കുന്ന ഔഷധസസ്യമാണ് :-വേപ്പ്.
- ❖ അകിൽ എന്ന ഔഷധസസ്യത്തിന്റെ ഇംഗ്ലീഷ് നാമമാണ് ഈഗിൾവുഡ്.
- ❖ പേപ്പട്ടിവിഷത്തിനെതിരെ ഉപയോഗിക്കുന്ന ഔഷധസസ്യമാണ് :- അങ്കോലം.
- ❖ സാധാരണമായി വയൽവരമ്പുകളിൽ വളരുന്ന ഔഷധസസ്യമാണ് :- അടയ്ക്കാമണിയൻ. ( കഫം, വാതം എന്നിവയുടെ ചികിത്സയിലാണ് ഉപയോഗിക്കുന്നത്.)
- ❖ നാഗവല്ലി എന്നും അറിയപ്പെടുന്ന ഔഷധസസ്യമാണ് :- അടപതിയൻ. (നേത്രരോഗങ്ങളുടെ ചികിത്സയ്ക്ക്, ഉപയോഗിക്കുന്നു.)
- ❖ ആയുർവേദ ചികിത്സകളിൽ വ്യാപകമായി ഉപയോഗിക്കുന്ന വൃക്ഷമാണ് :- അശോകം.
- ❖ സംസ്കൃതത്തിൽ അശ്വഗന്ധം എന്നു വിളിക്കുന്ന ഔഷധസസ്യമാണ് :- അമുക്കുരം. (അമുക്കുരത്തിന്റെ കിഴങ്ങാണ് മരുന്നായി ഉപയോഗിക്കുന്നത്.)
- ❖ ലാമിനേറിയ എന്നയിനം കടൽപ്പായലുകളിൽനിന്നാണ് പ്രകൃതിദത്തമായ അയഡിൻ ലഭിക്കുന്നത്.
- ❖ സസ്യങ്ങൾക്കു ജീവനുണ്ടെന്നു തെളിയിച്ച ഇന്ത്യൻ ശാസ്ത്രജ്ഞനാണ് :- ജെ.സി.ബോസ്. (സസ്യവളർച്ച രേഖപ്പെടുത്തുന്ന ക്രെസ്കോഗ്രാഫ് കണ്ടുപിടിച്ചത്)
- ❖ കപ്പൽനിർമാണത്തിനുപയോഗിക്കുന്നത് :- തേക്കുമരത്തിന്റെ തടിയാണ്.
- ❖ ജപ്പാനിലെ പുഷ്പാലങ്കാരകലയാണ് :- ഇക്ബാന.
- ❖ സസ്യങ്ങളെ മുരടിപ്പിച്ച് വളർത്തുന്ന ജാപ്പനീസ് രീതിയാണ് :- ബോൺസായ്.
- ❖ ഏറ്റവും വിലപിടിപ്പുള്ള സുഗന്ധ ദ്രവ്യമാണ് :- കുങ്കുമപ്പൂവ്.( വെജിറ്റബിൾ ഗോൾഡ് എന്നിതറിയപ്പെടുന്നു.)
- ❖ ഗോതമ്പ്, വരക് എന്നിവയുടെ സങ്കരമായ ട്രിറ്റിക്കേൽ ആണ് മനുഷ്യൻ കൃത്രിമമായി ഉത്പാദിപ്പിച്ച ആദ്യത്തെ ധാന്യം.
- ❖ ലെഗ് ഹീമോഗ്ലോബിൻ എന്നറിയപ്പെടുന്നത് പയറുവർഗസസ്യങ്ങളിലെ വേരുകളിൽ കാണപ്പെടുന്ന വർണവസ്തുവാണ്.
- ❖ ഭക്ഷ്യയോഗ്യമായ കായുണ്ടാകുന്ന ഓർക്കിഡ് കുടുംബത്തിലെ ഏകയിനം ചെടിയാണ് :- വാനില. (മെക്സിക്കോയാണ് ജൻമദേശം).
- ❖ ഡി.ഡി.ടി. തുടങ്ങിയ കീടനാശിനികൾ ഉണ്ടാക്കുന്ന മാരകമായ പരിസ്ഥിതി മലിനീകരണ കാരണത്തെക്കുറിച്ച് പ്രതിപാദിക്കുന്ന കൃതിയാണ് :- സൈലന്റ് സ്പ്രിങ്. (അമേരിക്കൻ എഴുത്തുകാരിയായ റേച്ചൽ കഴ്സണാണ് പുസ്തകം 1962 ൽ രചിച്ചത്. അവരുടെ മറ്റു പ്രധാന കൃതികളാണ് ദി സീ എറൗണ്ട് അസ്, ദി എഡ്ജ് ഓഫ് ദി സീ എന്നിവ.)

- ജലദോഷത്തിനെതിരെ ഉപയോഗിക്കുന്നത് :- അയമോദകത്തിന്റെ കായാണ്.
- ഓരില എന്ന ഔഷധസസ്യത്തിന്റെ മറ്റൊരു പേരാണ് :- പ്രഥക് പർണി.
- ഔഷധസസ്യങ്ങളുടെ ഗണത്തിൽ പെടുന്നതാണ് :- കണിക്കൊന്ന. (കാസിയ ഫിസ്റ്റുല :- ശാസ്ത്രീയ നാമം).
- രക്തസമ്മർദത്തിനുള്ള ഔഷധമാണ് :- റിസർപിൻ. (സർപ്പഗന്ധിയിൽനിന്നാണ് റിസർപ്പിൻ വേർതിരിച്ചെടുക്കുന്നത്.)
- മഞ്ഞപ്പിത്ത ചികിത്സയിൽ ഉത്തമ ഓഷധമായികരുതുന്നത് :- കീഴാർനെല്ലി.
- രക്താർബുദ ചികിത്സയ്ക്ക് ഉപയോഗിക്കുന്ന വിൻകിൻസ്റ്റിൻ വേർതിരിച്ചെടുക്കുന്നത് :- ശവംനാറിചെടിയിൽനിന്ന്.
- മലേറിയ ചികിത്സയ്ക്കുള്ള ഔഷധമാണ് :- ക്വിനിൻ. (സിങ്കോണ ചെടിയിൽനിന്നാണ് ക്വിനിൻ വേർതിരിച്ചെടുക്കുന്നത്.)
- തലച്ചോറിന്റെ ആകൃതിയിൽ ഇലകളുള്ള ഔഷധസസ്യമാണ് :- കുടങ്ങൽ.( ഭ്രാന്ത്, അപസ്മാരം എന്നിവയുടെ ചികിത്സയിൽ കുടങ്ങൽ ഉപയോഗിക്കുന്നു.)
- പച്ചമരുന്നായി ഉപയോഗിക്കുന്ന തൊട്ടാവാടിയുടെ ശാസ്ത്രീയ നാമം :- മൈമോസോ പുഡിക്ക.
- മാനസികരോഗ ചികിത്സയിൽ ഉപയോഗിക്കുന്ന പുഷ്പമാണ് :- ശംഖുപുഷ്പം.
- പനിക്കെതിരെ ഉപയോഗിക്കുന്ന ഔഷധസസ്യമായ 'അമൃത്' ഒരു വള്ളിച്ചെടിയാണ്.
- ശ്വാസകോശരോഗങ്ങളുടെ ചികിത്സയ്ക്കാണ് :- ആടലോടകം ഉപയോഗിക്കുന്നത്.
- നീലക്കുറിഞ്ഞിയുടെ ശാസ്ത്രിയ നാമം :- സ്ട്രോബിലാന്തസ് കുന്തിയാന.
- കുരുമുളകിൽ പരാഗണം നടക്കുന്നത് മഴവെള്ളം വഴിയാണ്.
- ഒറ്റവൈക്കോൽ വിപ്ലവം എന്ന പ്രസിദ്ധമായ കാർഷിക ഗ്രന്ഥം എഴുതിയത് ജപ്പാൻകാരനായ മസനോവു ഫുക്കുവോക്കയാണ്.
- അമേരിക്കക്കാരനായ നോർമൻ ബോർലാഗാണ് ഹരിതവിപ്ലവത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത്. 1945ൽ മെക്സിക്കോയിലാണ് ഹരിതവിപ്ലവം ആരംഭിച്ചത്.
- ഇന്ത്യൻ ഹരിതവിപ്ലവത്തിന്റെ പിതാവ് എം.എസ്. സ്വാമിനാഥനാണ്.
- ഗോതമ്പിലാണ് ഹരിതവിപ്ലവം ആരംഭിച്ചത്.
- 1960 കളിലായിരുന്നു ഇന്ത്യയിൽ ഹരിതവിപ്ലവത്തിന്റെ തുടക്കം.
- ഏഷ്യയിൽ ഹരിതവിപ്ലവം ആരംഭിച്ചത് ഫിലിപ്പീൻസിലാണ്.
- ച്യവനപ്രാശങ്ങളിലെ പ്രധാനഘടകം :- നെല്ലിക്കയാണ്. [നെല്ലിക്കയിൽ വളരെ ഉയർന്ന തോതിൽ അസ്കോർബിക് ആസിഡ് (വൈറ്റമിൻ-സി) അടങ്ങിയിരിക്കുന്നു. ]
- തിരുവനന്തപുരം ജില്ലയിലെ പാലോട് 1979 നവംബർ 17നാണ് ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (TBGRI) സ്ഥാപിതമായത്.
- സസ്യങ്ങളിലെ ഇലകൾക്ക് പച്ചനിറം കൊടുക്കുന്ന വർണവസ്തുവാണ് ഹരിതകം (ക്ലോറോഫിൽ). ഹരിതകത്തിൽ അടങ്ങിയിരിക്കുന്ന ലോഹമാണ് മഗ്നീഷ്യം.
- പുകയിലയിലെ വിഷവസ്തുവാണ് :- നിക്കോട്ടിൻ. *(കാപ്പി, ചായ, കൊക്കോ എന്നിവയിൽ അടങ്ങിയിരിക്കുന്നത് കഫീൻ.)

- "വെജിറ്റബിൾ എഗ്" എന്നറിയപ്പെടുന്നത് :- വഴുതനങ്ങ.
- കൊക്കോച്ചെടിയുടെ വിത്തിൽനിന്നാണ് പ്രകൃതിദത്തമായ :-ചോക്ലേറ്റ് ലഭിക്കുന്നത്..
- ച്യൂയിങ് ഗം നിർമിക്കാനുള്ള കറ :-സപ്പോട്ട മരത്തിൽനിന്നാണ് കിട്ടുന്നത്.
- കറുകപ്പുല്ലാണ് :-ബർമുഡ ഗ്രാസ് എന്നറിയപ്പെടുന്നത്.
- ഉഴുന്ന്, പയർ, മുതിര, കടല, എള്ള്, തിന, കൂവരക്, നെല്ല്, തുവര എന്നിവയാണ് നവധാന്യങ്ങൾ.
- ഏറ്റവും വേഗത്തിൽ വളരുന്ന സസ്യം:- മുള.
- സാഗുവാരോയാണ് ഏറ്റവും സാവധാനം വളരുന്നത്. (ഒരിനം കള്ളിച്ചെടിയാണിത്.)
- തുളസി, കൂവളം, കറുക എന്നിവയാണ് ദിവ്യ ഔഷധങ്ങൾ എന്നറിയപ്പപെടുന്നത്.
- ആയുർവേദത്തിൽ പഞ്ചവൽക്കങ്ങൾ എന്നറിയപ്പെടുന്ന ഔഷധങ്ങളാണ് അത്തി, ഇത്തി, പേരാൽ, അരയാൽ, കല്ലാൽ.
- ജാതിക്ക, അടയ്ക്ക, തക്കോലം, കർപ്പൂരം, ഗ്രാമ്പൂ എന്നിവയാണ് പഞ്ചസുഗന്ധങ്ങൾ.
- ചന്ദനം, അകിൽ, രക്തചന്ദനം എന്നിവ ചേരുന്നതാണ് ത്രിഗന്ധം.
- കടുക്ക, നെല്ലിക്ക, താന്നിക്ക എന്നിവയാണ് ത്രിഫലങ്ങൾ എന്നറിയപ്പെടുന്നത്,
- എരിവുള്ള മുന്ന് ഔഷധങ്ങൾ ചേരുന്നതാണ് ത്രികടു.
- ചുക്ക്, മുളക്, തിപ്പലി എന്നിവയാണ് ത്രികടു.
- ലാമിനേറിയ ആണ് ഏറ്റവും വലിയ ആൽഗ.
- ചോളമാണ് ഏറ്റവും കൂടുതൽ ഇരുമ്പുസത്തുള്ള ധാന്യം.
- ഏറ്റവും കട്ടികൂടിയ ധാന്യം :- തിന.
- കോളിഫ്ലവറിന്റെ പുങ്കുലയാണ് ഭക്ഷണത്തിനായി ഉപയോഗിക്കുന്നത്.
- ഇലകളിൽ ആഹാരം സംഭരിച്ചുവെക്കുന്ന സസ്യമാണ് കാബേജ്.
- മണ്ണില്ലാതെ പോഷകങ്ങൾ നിറഞ്ഞ വെള്ളത്തിൽ സസ്യങ്ങളെ വളർത്തുന്നതാണ് :- ഹൈഡ്രോപോണിക്സ്.
- മണ്ണും ജലവുമില്ലാതെ സസ്യങ്ങളെ വളർത്തുന്നതാണ് :- എയ്റോപോണിക്സ്.!
- ജീവിക്കുന്ന ഫോസിൽ എന്നറിയപ്പെടുന്ന ചെടിയാണ് :- ജിങ്കോ.
- വേപ്പ്, അരയാൽ എന്നിവയാണ് അന്തരീക്ഷവായു ശുദ്ധമാക്കാൻ ഏറ്റവും കഴിവുള്ള വൃക്ഷങ്ങൾ.
- കേടുവരാത്ത ഒരേയൊരു ഭക്ഷണവസ്തുവാണ് :- തേൻ. (തേനിന് അണുക്കളെ നശിപ്പിക്കാനുള്ള ശക്തി നൽകുന്നത് ഹൈഡ്രജൻ പെറോക്സൈഡ്.)
- മരച്ചീനിയിൽ അടങ്ങിയിരിക്കുന്ന വിഷവസ്തുവാണ് :- ഹൈഡ്രോസയാനിക് ആസിഡ് അഥവാ ഹൈഡ്രജൻ സയനൈഡ്. പ്രൂസിക് ആസിഡ് എന്നാണിത് മുൻപ് അറിയപ്പെട്ടിരുന്നത്.
- കാൽസ്യം ഓക്സലേറ്റിന്റെ സാന്നിധ്യംകൊണ്ടാണ് ചേന നുറുക്കുമ്പോൾ ചൊറിച്ചിൽ ഉണ്ടാവുന്നത്.
- മൂത്രക്കല്ല് രാസപരമായി കാത്സ്യം ഓക്സലേറ്റാണ്.
- മളകിന് എരിവു നൽകുന്നത് :- കാപ്സൈസിൻ.
- വെളുത്തുള്ളിയുടെ രൂക്ഷഗന്ധത്തിനു കാരണം :- അലൈൽ മീതൈൽ സൾഫൈഡ്.
- പല്ലുവർഗത്തിലെ ഏറ്റവും വലിയ സസ്യമാണ് :- മുള. (ഏറ്റവും വേഗത്തിൽ വളരുന്ന സസ്യവും ഇതുതന്നെ. ഒരു ദിവസംകൊണ്ട് 90 സെന്റിമീറ്റർ വരെ മുള വളരാറുണ്ട്.)

- ആലിലയുടെ ആകൃതിയിൽ രൂപകല്പന ചെയ്തിട്ടുള്ള ഇന്ത്യൻ പുരസ്കാരമാണ് ഭാരതരത്നം.
- ഹരിതകമില്ലാത്ത സസ്യങ്ങളാണ് :- ഫംഗസുകൾ*.
- കുമിളുകളിലും ഹരിതകമില്ല.
- ഹരിതകമുള്ള ജന്തുവാണ് :- യൂഗ്ലീന.
- കാരറ്റിന് ഓറഞ്ചുനിറം നൽകുന്നത് :- കരോട്ടിൻ.
- കാർബൺ ഡൈ ഓക്സൈഡ്, സൂര്യപ്രകാശം, ഹരിതകം, ജലം എന്നിവയാണ് പ്രകാശസംശ്ലേഷണത്തിന് ആവശ്യമായ ഘടകങ്ങൾ. ചുവപ്പുനിറത്തിലാണ് ഏറ്റവും കൂടിയ അളവിൽ പ്രകാശസംശ്ലേഷണം നടക്കുന്നത്.
- ആഫ്രിക്കയിലെ സെയ്ഷെൽസ് ദ്വീപുകളിലുള്ള ഡബിൾ കോക്കനട്ട് എന്നയിനം പനങ്കായാണ് ലോകത്തിലെ ഏറ്റവും വലിയ കായ.
- ഫലങ്ങളോ വിത്തുകളോ ഉത്പാദിപ്പിക്കാത്ത കാർഷിക വിളയാണ് :- കരിമ്പ്. (പുഷ്പിച്ചാൽ വിളവു കുറയുന്നതും ഇതുതന്നെ.)
- കാബേജാണ് കലോറിമൂല്യം ഏറ്റവും കുറഞ്ഞ പച്ചക്കറി.
- റോഡരികുകളിൽ വളരുന്ന സസ്യങ്ങളിൽ കൂടുതലായി കണ്ടുവരുന്ന ലോഹമാണ് *ഈയം (Lead).
- ഏറ്റവുമധികം പ്രോട്ടീൻ അടങ്ങിയിട്ടുള്ള പച്ചക്കറിയാണ് :- സോയാബീൻ.
- വസ്തുക്കളുടെ പി.എച്ച്. മൂല്യം അളക്കാനുപയോഗിക്കുന്ന :- ലിറ്റ്മസ് പേപ്പർ (ലൈക്കനുകൾ എന്നറിയപ്പെടുന്ന ചെറുസസ്യങ്ങളിൽ നിന്നാണ് നിർമിക്കുന്നത്.)
- ബഹിരാകാശവാഹനങ്ങളിൽ ഓക്സിജൻ ലഭ്യത വർധിപ്പിക്കാനായി വളർത്തുന്ന സസ്യമാണ് :- ക്ലോറെല്ലാ എന്ന ആൽഗ.
- ഇഞ്ചിയുടെ സുഗന്ധത്തിനു കാരണം :- ജിഞ്ചറോൾ.
- ഗരാമ്പുവിന് സുഗന്ധം നൽകുന്നത് :- യൂജിനോൾ.
- ഇലകൾക്കു മഞ്ഞനിറം നൽകുന്ന വർണവസ്തുവാണ് :- സാന്തോഫിൽ.
- ഇലകൾക്കും പൂക്കൾക്കും പർപ്പിൾ നിറം നൽകുന്നത് :- ആന്തോസയാനിൻ.
- തക്കാളി പഴുക്കുമ്പോൾ ചുവപ്പു നിറം നൽകുന്ന വർണവസ്തുവാണ് :- ലൈക്കോപിൻ.
- മഞ്ഞളിനു നിറം നൽകുന്നത് :- കുർക്കുമിൻ.
- ബീറ്റ്റൂട്ടിന് നിറം നൽകുന്നത് :- ബീറ്റാസയാനിൻ.
- സമാത്രയിലെ ഉഷ്ണ മേഖലകാടുകളിൽ കാണപ്പെടുന്ന രണ്ടര മീറ്റർ ഉയരമുള്ള **ടൈറ്റൻ ആറമാ**ണ് ലോകത്തിലെ ഏറ്റവും ഉയരം കൂടിയ പൂവ്
- ഇൻഡൊനീഷ്യയിലെ ബോർനിയോ, സുമാത്ര എന്നിവിടങ്ങളിൽ കാണപ്പെടുന്ന ഒരു മീറ്റർ വ്യാസവും 11 കി.ഗ്രാം ഭാരവും ഉള്ള “റഫ്ലേഷിയ' യാണ് ഏറ്റവും വലിയ പുഷ്പം. (വേരുകളോ തണ്ടോ ഇല്ലാത്ത റഫ്ലേഷിയ ഒരു പരാദജീവി കൂടിയാണ്.)
- ഓസ്ട്രേലിയയിൽ കണ്ടുവരുന്ന വോൾഫിയ ഡക്ക് വീഡാണ് ലോകത്തിലെ ഏറ്റവും ചെറിയ പുഷ്പം. (0.6 മി.മീറ്റർ മാത്രം വ്യാസമുള്ള ഈ പുഷ്പത്തെ ഭൂതകണ്ണാടിയിലൂടെ നോക്കിയാൽ മാത്രമേ വ്യക്തമായി കാണാൻ കഴിയൂ)